പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 2966

28.01..2014 -ൽ
മറുപടിയ്ക്ക്

## ഐ.എച്ച്.ആർ.ഡി. കോളേജുകൾ നേരിടുന്ന പ്രതിസന്ധി

| *ചോദ്യം* | *ഉത്തരം* |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| മിക്ക ഐ.എച്ച്.ആർ.ഡി. കോളേജുകളും അക്കാഡമിക്കായും സാമ്പത്തികമായും പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ? | CUSAT ന് കീഴിലുള്ള 23 എഞ്ചിനീയറിംഗ് കോളേജുകളിലെ കഴിഞ്ഞ വർഷത്തെ (2009-2013 ബാച്ച്) റിസൾട്ട് പ്രകാരം ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജുകൾ തന്നെയാണ് ആദ്യ സ്ഥാനങ്ങളിൽ എത്തിയത്. ആദ്യ സ്ഥാനങ്ങളിലെത്തിയ പത്ത് കോളേജുകളിൽ എട്ടും ഐ.എച്ച്.ആർ.ഡി. കോളേജുകളാണ്. എന്നാൽ മൊത്തത്തിൽ കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലുള്ള വിജയശതമാനക്കുറവ് ഐ.എച്ച്.ആർ..ഡി. കോളേജുകളേയും ബാധിച്ചിട്ടുണ്ട്. ആയത് പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ ബന്ധപ്പെട്ട കോളേജ് മേധാവികൾക്ക് നൽകിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം 123 കോടി രൂപയുടെ ചെലവും 108 കോടി രൂപയുടെ വരവും ഉൾപ്പെടെ 15 കോടി രൂപയുടെ കമ്മി ബഡ്ജറ്റാണ് ഐ.എച്ച്.ആർ.ഡി.യുടേത്. 2012-2013 സാമ്പത്തിക വർഷം ഏകദേശം 2 കോടി രൂപയുടെ നഷ്ടത്തിലാണ് ഐ.എച്ച്.ആർ.ഡി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ഐ.എച്ച്. ആർ.ഡി. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനമാണെങ്കിലും ശമ്പളമുൾപ്പെടെയുള്ള ചെലവുകൾ സ്വന്തം ഫണ്ടിൽ നിന്നാണ് വഹിക്കുന്നത്. കൂടാതെ സർക്കാർ വ്യവസ്ഥയനുസരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് അഡ്മിഷൻ നടത്തുന്നതിനാൽ വരുമാനത്തിലും കുറവ് സംഭവിക്കുന്നു. |

*സെക്ഷൻ ഓഫീസർ*